# മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

# സോഷ്യൽ ഓഡിററ് സൊസൈററി, കേരള.

**ആലപ്പുഴ ജില്ല**

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**1/10/2019-31/03/2019**

**ബ്ലോക്ക് :കഞ്ഞിക്കുഴി**

**ഗ്രാമ പഞ്ചായത്ത് :കടക്കരപ്പള്ളി**

**വാർഡ് :10**

# ഉള്ളടക്കം

1. സോഷ്യൽ ഓഡിറ്റ്............................................3

2. പ്രവർത്തികൾ....................................................4

3. 7 രജിസ്റ്ററുകൾ....................................................6

4. ഫയൽ പരിശോധന...........................................8

5. ഫീൽഡ് പരിശോധന.........................................12

6. അവകാശ നിഷേധങ്ങൾ...................................17

7. നിരീക്ഷണങ്ങളും കണ്ടെത്തലുകളും.............17

8. ഏറ്റെടുക്കാവുന്ന പ്രവർത്തികൾ.....................18

9. ഗ്രാമസഭ മിനുട്സ്................................................19

# സോഷ്യൽ ഓഡിറ്റ്

ഒരു ഗവൺമെൻറ് പദ്ധതിയുടെ നടത്തിപ്പിലൂടെ അവയുടെ പ്രഖ്യാപിത ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ സാധിച്ചുവെന്നും അതിലൂടെ ഉണ്ടായ സാമൂഹ്യനേട്ടവും, പ്രശസ്തിയും എത്രമാത്രം ആണെന്ന് പൊതുസമൂഹം നേരിട്ട് നടത്തുന്ന അന്വേഷണവും,കണക്കെടുപ്പും,പരിശോധനയും, വിലയിരുത്തലുമാണ് സോഷ്യൽ ഓഡിറ്റ്.പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും പൊതുപദ്ധതികളുടെ നടത്തിപ്പും ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ നടപ്പാക്കുന്നതിനും പൊതുഭരണം ജന സൌഹാർദ്ദപരം ആക്കുന്നതിനും വേണ്ടിയുള്ള ജാഗ്രതയാണ് സോഷ്യൽ ഓഡിറ്റ്.

മറ്റ് പദ്ധതികളിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തം ആക്കുന്നത് സോഷ്യൽ ഓഡിറ്റാണ്. തൊഴിലുറപ്പ് നിയമത്തിന്റെ 17(2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും 6 മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതാണ്.സോഷ്യൽ ഓഡിറ്റിനുവേണ്ട സൌകര്യങ്ങൾ ചെയ്യുതുകൊടുക്കുക, രജിസ്റ്ററുകളും റെക്കോഡുകളും ലഭ്യമാക്കുക എന്നിവ ഗ്രാമപഞ്ചായത്തിൻറെ ചുമതലകളാണ്.

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ സുഗമവും, സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് (as per G.O (Rt) No.3906/2015/LSGD,Dated 30.12.2015) 31.01.2017 ൽ നിലവിൽ വന്നു.യൂണിറ്റ് ട്രാവൻകൂർ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955(No.TVM/TC/123/2017) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

കടക്കരപ്പള്ളി പഞ്ചായത്ത് w-10 ൽ 1/10/2018 മുതൽ 31/03/2019 വരെ പൂർത്തീകരിച്ച 12 പ്രവർത്തികളാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ളത്.

# സോഷ്യൽ ഓഡിററിന് വിധേയമാക്കിയ പ്രവർത്തികൾ

| ക്രമ നം ബർ | പ്രവർത്തിയുടെ പേരും കോഡും | ആരംഭിച്ച തിയതി | അവസാനിച്ച തിയതി | എസ്ററിമേററ് തുക | ചെലവായ തുക |
|---|---|---|---|---|---|
| 1. | പൂപ്പള്ളി ഏരിയ പറമ്പ് ഗ്രാവൽ റോഡ് RC/254984 | 20/12/2018 | 30/03/2019 | 4,93602/- | 4,22774/- |
| 2. | കാലിത്തൊഴുത്ത് നിർമ്മാണം(ഷിബു തീർത്ഥം) IF/365087 | 08/01/2019 | 18/02/2019 | 1,29247/- | 1,27041/- |
| 3. | ലൈഫ് ഭവന പദ്ധതി (ശോഭഉല്ലാസൻ, പനയംചിറ) IF/357892 | 20/09/2018 | 05/06/2019 | 27,390/- | 24,390/- |
| 4. | വാനയിൽ ഗ്രാവൽ റോഡ് RC/254997 | 20/12/2018 | 13/03/2019 | 4,03874/- | 4,00199/- |
| 5. | ലൈഫ് ഭവന പദ്ധതി (സരള ശിവരാമൻ നായർ ,കുറുപ്പംപറമ്പ്) IF/365594 | 17/01/2019 | 04/08/2019 | 27,390/- | 24,390/- |
| 6. | ലൈഫ് ഭവന പദ്ധതി (ഷീല സുരേന്ദ്രൻ) IF/365603 | 30/10/2018 | 30/06/2019 | 27,390/- | 24,390/- |
| 7. | ലൈഫ് ഭവന പദ്ധതി (സുജിത,അച്ചുനിവാസ്) IF/366843 | 20/11/2018 | 30/06/2019 | 27,390/- | 24,390/- |
| 8. | ലൈഫ് ഭവന പദ്ധതി (മിനിബാബുജി, പോത്തേച്ചിറ) IF/359236 | 13/11/2018 | 21/03/2019 | 27,390/- | 24,390/- |

| | | | | | |
|---|---|---|---|---|---|
| 9. | കാലിത്തൊഴുത്തു നിർമ്മാണം (സുജാത രവീന്ദ്രൻ) IF/365082 | 24/01/2019 | 09/03/2019 | 1,29247/- | 1,27041/- |
| 10. | കാലിത്തൊഴുത്തു നിർമ്മാണം (രാജമ്മ രവീന്ദ്രൻ) IF/365084 | 06/11/2018 | 06/02/2019 | 1,29247/- | 1,27041/- |
| 11. | ഗൃഹചൈതന്യം പദ്ധതി കറിവേപ്പ്,ആരിവേപ്പ് നഴ്സറി DP/271740 | 07/03/2019 | 30/03/2019 | 1,38107/- | 74,273/- |
| 12. | ഗ്രൂപ്പ് കൃഷിക്കായി നിലം ഒരുക്കൽ(P1) LD/340469 | 23/03/2019 | 30/03/2019 | 2,34945/- | 55,303/- |

**<u>മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം(2005) പ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ് .</u>**

1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ
2. ഗ്രാമസഭ സോഷ്യൽഓഡിറ്റ് മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദശാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. സാധന രജിസ്റ്റർ

## <u>പഞ്ചായത്തിലെ 7 രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ കാര്യങ്ങൾ</u>

1. **<u>തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ</u>**
   - സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർ പേജ് രജിസ്റ്ററിനു ഉണ്ടായിരുന്നു.
   - പാർട്ട് എ,ബി,സി,ഡി എന്നീ ഫോർമാറ്റുകൾ എം.ഐ.എസിൽ നിന്നും പ്രിന്റ് എടുത്ത് സൂക്ഷിച്ചിരുന്നു.
2. **<u>ഗ്രാമസഭ സോഷ്യൽഓഡിറ്റ് മീറ്റിംഗ് രജിസ്റ്റർ</u>**
   - രജിസ്റ്ററിൽ കവർ പേജ് ഉൾപ്പെടുത്തിയിരുന്നില്ല.
   - സെക്രട്ടറി പേജുകൾ സാക്ഷ്യപെടുത്തിയിട്ടില്ല.
   - ഈ സാമ്പത്തിക വർഷത്തിൽ നടന്ന തൊഴിലാളി ഗ്രാമസഭ,ലേബർ ബജറ്റ് ഗ്രാമസഭ,ശുചിത്വ ഗ്രാമസഭ എന്നിവയുടെ മിനുറ്റ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
   - സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനുറ്റ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
   - പദ്ധതികളുടെ പേര് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
   - വ്യക്തിഗത ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

3. **തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ**
   - കവർപേജ് ഉണ്ടായിരുന്നില്ല.
   - എം.ഐ.എസ് പകർപ്പ് തുടങ്ങിയവ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നു
4. **പ്രവർത്തിയുടെ ചിലവും വിശദശാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ**
   - കവർപേജ് ഉണ്ടായിരുന്നില്ല.
   - എം.ഐ.എസ് പകർപ്പ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നില്ല
5. **സ്ഥിര ആസ്തികളുടെ രജിസ്റ്റർ**
   - കവർപേജ് ഉണ്ടായിരുന്നില്ല.
   - വാർഡുകളിലെ അസെറ്റുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്
6. **പരാതി രജിസ്റ്റർ**
   - പരാതി രജിസ്റ്ററിൽ സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർപേജ് ഉണ്ടായിരുന്നില്ല .
7. **സാധന രജിസ്റ്റർ**
   - കവർപേജ് ഉൾപ്പെടുത്തിയിരുന്നില്ല.
   - 2018 -2019 വർഷത്തെ രജിസ്റ്ററിൽ ആ വർഷം നടപ്പിലാക്കിയ മിക്ക പദ്ധതികളും കണ്ടെത്താൻ സാധിച്ചില്ല.
   - 2019 -2020 ഇലെ രജിസ്റ്ററിലാണ് പ്രസ്തുത പ്രവർത്തികൾ കാണാൻ സാധിച്ചത്.
   - എം ഐ എസിൽ നിന്നും വിവരങ്ങൾ പ്രിന്റ് എടുത്തു സൂക്ഷിച്ചിട്ടുണ്ട്.

# ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

**1.കവർ പേജ്**

AMC പ്രകാരമുള്ള കവർ പേജ് പരിശോധിച്ച 12 ഫയലുകളിലും ഉണ്ടായിരുന്നു.

പദ്ധതിയുടെ പേര് MAHATMA GANDHI NATIONAL RURAL EMPLOYMENT GUARANTEE SCHEME എന്നതിന് പകരം MAHATMA GANDHI NATIONAL EMPLOYMENT GUARANTEE SCHEME എന്ന് കാണപ്പെട്ടു.ഈ പദ്ധതി ഗ്രാമപഞ്ചായത്തുകൾക് കീഴിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ മാത്രം നടക്കുന്നതിനാൽ RURAL എന്ന വാക്കിന് പ്രാധാന്യം ഉണ്ട്.

പ്രവർത്തിയുടെ പേര്, പ്രവർത്തി അംഗീകരിച്ച വർഷം, ലൊക്കേഷൻ, പദ്ധതി നിർവ്വഹണ ഏജൻസി, എസ്ടിമേറ്റ് കോസ്റ്റ്, ബ്ലോക്ക്,പഞ്ചായത്ത് അസംബ്ലി നിയോജക മണ്ഡലം തുടങ്ങിയവ എല്ലാ ഫയലിലും രേഖപ്പെടുത്തിയിരുന്നു. എക്സ്പെൻഡിച്ചർ, പ്രവർത്തി ആരംഭിച്ച തീയതി, അവസാനിച്ച തീയതി, കാറ്റഗറി മുതലായ വിവരങ്ങൾ മിക്ക ഫയലിലും ഉണ്ടായിരുന്നില്ല. ജിയോ ടാഗ് ഡീറ്റെയിൽസ്, സോഷ്യൽ ഓഡിറ്റ് വിവരങ്ങൾ തുടങ്ങിയവ 12 ഫയലിലും ഉൾപ്പെടുത്തിയിരുന്നില്ല.

**2. ചെക്ക് ലിസ്റ്റ്**

പരിശോധിച്ച 12 ഫയലുകളിലും പേജ് നമ്പർ രേഖപ്പെടുത്തിയ ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു.

**3. വാർഷിക കർമ്മ പദ്ധതി**

ആക്ഷൻ പ്ലാനിൽ പദ്ധതിയുടെ പേര് ഉൾപ്പെടുന്ന പേജിന്റെ പകർപ്പ്എല്ലാ ഫയലിലും ഉണ്ടായിരുന്നു.

**4. എസ്റ്റിമേറ്റ്**

കവർ പേജ് ഉണ്ടായിരുന്നു. വിശദമായ എസ്റ്റിമേറ്റിൽ അക്രഡിറ്റഡ് എൻജിനിയർ ഒപ്പും തീയതിയും രേഖപ്പെടുത്തിയിരുന്നില്ല. Rate analysis, Estimate, lead and lift statement, material statement, labour abstract, Estimate report, drawing and design, survey data എന്നിവ ഒരു ഫയലിലും ഉണ്ടായിരുന്നില്ല. എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ

ആയിരുന്നില്ല.പ്രവർത്തി എവിടെയൊക്കെ നടക്കുന്നുവെന്നുള്ള സർവെ നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ ഫയലിൽ ഉണ്ടായിരുന്നു.

**5.സാങ്കേതികാനുമതി**

സാങ്കേതികാനുമതിയിൽ LSGD AE എന്നിവർ മിക്ക ഫയലിലും ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല.

**6. ഭരണാനുമതി**

പഞ്ചായത്ത് കമ്മറ്റിയുടെ ഭരണാനുമതി, (സെക്രട്ടറിയുടെ ഒപ്പ്, സീൽ) ഫയലിൽ ഉൾപെടുതിയിട്ടില്ല.എന്നാൽ സെക്രട്ടറിയുടെ നടപടി ക്രമത്തിൽ ഭരണാനുമതി നമ്പറും തീയതിയും രേഖപെടുതിയിരുന്നു

**7.സംയോജിത പദ്ധതിയുടെ വിവരങ്ങൾ**

ഒരു ഫയൽ സംയോജിത പദ്ധതിയില് ഉൾപെട്ടതായിരുന്നു ഈ ഫയലിൽ സംയോജിത പദ്ധതിയുടെ ഫോറം ഉണ്ടായിരുന്നില്ല.

**8. ഡിമാൻഡ് ഫോറം**

അനുഛേദം A,B പ്രകാരമുള്ള ഡിമാന്റ് ഫോറം ഒരു ഫയലിലും ഉണ്ടായിരുന്നില്ല.ചില ഡിമാൻഡ് ഫോറങ്ങൾ ഗ്രൂപ്പായി നല്കിയിട്ടുള്ളതാണ്.വ്യക്തിഗത അപേക്ഷക്ക് ANNEXURE 3(A) എന്നും ഗ്രൂപ്പായി ഉള്ള അപേക്ഷക്ക് 3(B) എന്നും രേഖപ്പെടുത്തേണ്ടതാണ് എന്നാൽ അത് ഫയലിൽ കണ്ടെത്താൻ സാധിച്ചില്ല.ഗ്രൂപ്പായി തൊഴിൽ ആവശ്യപ്പെടുന്ന എഴുതി തയ്യാറാക്കിയ ഫോമിൽ തൊഴിലാളികളുടെ പേര് ,തൊഴിൽ കാർഡ് നമ്പർ ,ഒപ്പു എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. തിയതി രേഖപ്പെടുത്തിയിരുന്നു. എന്നാൽ കൈപ്പറ്റ് രസീത് സൂക്ഷിചിരുന്നില്ല.

**9. വർക്ക് അലോക്കേഷൻ ഫോറം.**

അനുഛേദപ്രകാരമുള്ള വർക്ക് അലോക്കേഷൻ ഫോം ഫയലുകളിൽ ഉണ്ടായിരുന്നു.

**10.E-Muster Roll**

BDO ,പഞ്ചായത്ത് സെക്രട്ടറി എന്നിവർ തിയതിയില്ലാതെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടുണ്ട്.തൊഴിൽ ചെയ്ത തിയതി, ആകെ തൊഴിൽ ചെയ്ത ദിനങ്ങൾ, ആകെ വേതനം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.ദിവസം രണ്ട് പ്രാവശ്യം തൊഴിലാളികൾ ഹാജർ രേഖപ്പെടുത്തുന്നുണ്ട്. തൊഴിലുപകരണങ്ങളുടെ വാടക രേഖപ്പെടുത്തിയിരുന്നില്ല. M. Roll ൽ ഓവർസിയർ ഒപ്പ് രേഖപ്പെടുത്തിയിരുന്നില്ല.ചില ഫയലുകളിൽ മേറ്റും ഒപ്പ് രേഖപെടുതിയിരുന്നില്ല.

**11.M- Book**

പരിശോധിച്ച എല്ലാ ഫയലിലും M. Book ഉണ്ടായിരുന്നു.എല്ലാ ഫയലിലെയും എം ബുക്ക് സെക്രട്ടറി സർട്ടിഫൈ ചെയ്തിരുന്നു.എം ബുക്കിൽ AE,ഓവര്സീർ എന്നിവര് ഒപ്പും സീലും രേഖപെടുതിയിരുന്നു. എല്ലാ ഫയലിലും പഞ്ചായത്ത് സെക്രട്ടറി തുക പാസ്സാക്കിയിട്ടുണ്ട്.എസ്റ്റിമേറ്റ് തുകയും യഥാർത്ഥ ചിലവും തമ്മിലുള്ള വ്യത്യാസം ഒരു ഫയലിലും രേഖപ്പെടുത്തിയിട്ടില്ല.

**12. മെറ്റീരിയൽവാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ**

പരിശോദിച്ച 17 ഫയലുകളിലും മെറ്റീരിയൽ വാങ്ങിയതുമായി ബന്ധപെട്ട രേഖകൾ ഉണ്ടായിരുന്നു.

**13. വേജ് ലിസ്റ്റ്**

മസ്റ്ററോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് എല്ലാ ഫയലിലും ഉണ്ടായിരുന്നു.

**14.FTO**

വേജ് ലിസ്റ്റ് പ്രകാരമുള്ള FTO എല്ലാ ഫയലിലും ഉണ്ടായിരുന്നു.

**15 .മെറ്റീരിയൽ വൗച്ചർ & ബിൽ**

മെറ്റീരിയൽ ഇനത്തിൽ ബോർഡ്,ഗ്രവൽ,സിമന്റ് എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ ഫയലില് ഉൾപ്പെടുത്തിയിരുന്നു.

**16. റോയൽറ്റി**

റോയൽറ്റി നൽകേണ്ട പ്രവർത്തി ഫയലുകൾ പരിശോധിച്ചിട്ടില്ല.

**17.പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ**

പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ ഒരു ഫയലുകളിലും ഉൾപെടുത്തിയിരുന്നില്ല.

**18. പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം**

പരിശോധിച്ച ഒരു ഫയലിലും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നില്ല.

**19. മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്**

മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്പിൽ പ്രവർത്തിയുടെ പേര്,ബ്ലോക്ക്, പഞ്ചായത്ത്, A.S നമ്പറും, തീയതിയും,T.S നമ്പറും തിയതി എന്നിവ രേഖപെടുത്തിയിരുന്നു. മസ്റ്ററോൾ നമ്പർ,തീയതി, മെഷർമെന്റ് തീയതി MIS ൽ upload ചെയ്ത തീയതി, തൊഴിൽ ദിനങ്ങൾ,സാധനവേതന ഘടകം തുടങ്ങിയവ രേഖപെടുതിയിരുന്നില്ല ജൂനിയര് സൂപ്രണ്ട്,പ്രസിഡന്റ് എന്നിവർ സ്ലിപ്പില് ഒപ്പ് വെച്ചിട്ടുണ്ട്.സെക്രെട്ടറി ഒപ്പ് രേഖപെടുത്തിയിരുന്നില്ല.

**20. ജിയോടാഗ് ഫോട്ടോഗ്രാഫ്**

പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്**

പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

**22. സൈറ്റ് ഡയറി.**

പരിശോധിച്ച ഒരു ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല.

# ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ

## 1.പൂപ്പള്ളി ഏരിയാപറമ്പ് ഗ്രാവൽ റോഡ് )RC 254984)

Mbook ൽ പറഞ്ഞിട്ടുള്ള പ്രകാരം 149 തൊഴിൽ ദിനങ്ങളും അത്രയും ദിവസത്തെ വേതനവും ലഭിച്ചതായി മനസ്സിലാക്കാൻ സാധിച്ചു .Mbook ൽ നൽകിയിരിക്കുന്ന നീളം )200m) വീതി )3m) എന്നിവ സൈറ്റിൽ കാണാൻ സാധിച്ചു .display board ലെ സാധന വേതന ഘടകം, ആകെ തൊഴിൽ ദിനങ്ങൾ എന്നിവയിൽ വ്യത്യാസം ഉണ്ടായിരുന്നു . displayboard ൽ തൊഴിൽ ദിന 207 എന്നും m-book ൽ 143 എന്നുമാണ് കാണിച്ചിരിക്കുന്നത് .display board ൽ വേതന ഘടകം 56204 എന്നും Mbook ൽ 43673 എന്നു ആയിരുന്നുപണി പൂർത്തിയായെങ്കിലും റോഡിന്റെ . .അവസ്ഥ വളരെ മോശമായിരുന്നു. എസ്റ്റിമേറ്റ് തുക 493602/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 422774/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 70828/- രൂപയാണ്.

## 2 കാലിത്തൊഴുത്ത് ഷിബു തീർത്ഥ -ഠ (IF/365087)

Mbook ൽ പറഞ്ഞ പ്രകാരം 39 ദിവസത്തെ വേതനവും ലഭിച്ചു . Material തുക ലഭിച്ചിട്ടില്ല .display board - ൽ അടങ്കൽ തുക 127249 ആയിരുന്നു എന്നാൽ ഫയലിൽ .129247 എന്നും ആയിരുന്നുസാധന . ഘടകംdisplay board ൽ 118616 എന്നും Mbook ൽ 90964 എന്നു ആയിരുന്നു . വേതന ഘടകംdisplay board ൽ 10631 എന്നും mbook ൽ 36077 എന്നും ആണ് രേഖപ്പെടുത്തിയിരുന്നത്ഫയലിൽ കണ്ട അടങ്കൽ തുക വേതന . ഘടകം, സാധന ഘടകം ആയിരുന്നില്ല ഫീൽഡ് പരിശോധയിൽ കാണാൻ കഴിഞ്ഞത്.displayboard ൽ തെറ്റായി രേഖപ്പെടുത്തിയിരുന്നത്. എസ്റ്റിമേറ്റ് തുക 129247/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 127041/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 2206/- രൂപയാണ്.

**3. ലൈഫ് ഭവനപദ്ധതി ശോഭ ഉല്ലാസൻ -,പനയുചിറ )IF/357892)**

മസ്ട്രോൾ പ്രകാരമുള്ള 90 തൊഴിൽ ദിനങ്ങളും അതിന്റെ വേതന്ത്യ 24390 രൂപയും തൊഴിലാളിക്ക് ലഭിച്ചിട്ടുണ്ട് വീട്. പണി പൂർത്തിയായതായി മനസിലാക്കാൻ സാധിച്ചു. എസ്റ്റിമേറ്റ് തുക 27390/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 24390/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 3000/- രൂപയാണ്.

**4. വാനയിൽ ഗ്രാവൽ റോഡ് നിർമ്മാണം).RC/254997)**

Mbook-ൽ രേഖപ്പെടുത്തിയിരുന്ന അതേ നീളം )210 m). വീതിയും )3 m) ഫീൽഡ് പരിശോധനയിൽ കണ്ടെത്താൻ സാധിച്ചു.24 തൊഴിലാളികൾക്കായി ആകെ 195 തൊഴിൽ ദിനങ്ങളും 7 വിദഗ്ദ്ധ ഇതിന്റെ വേതനം .ദിനങ്ങളും ലഭിച്ചിട്ടുണ്ട് അർദ്ധവിദഗ്ദ്ധ തൊഴിൽ. ആകെ .ലഭിച്ചതായി തൊഴിലാളികൾ അറിയിച്ചു102 തൊഴിൽ ദിനങ്ങളാണ് ഉണ്ടായിരുന്നു എന്നാൽ.displayboard ൽ ഇത് 202 എന്നാണ് രേഖപ്പെടുത്തിയിരുന്നത് പദ്ധതിയ്ക്കായി മൊത്തം .എസ്റ്റിമേറ്റ് തുക 403874/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 400199/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 3675/- രൂപയാണ്.

**5 ലൈഫ് ഭവനപദ്ധതി -സരള ശിവരാമൻ നായർ ,കുറുപ്പംപറമ്പ് )IF/365594)**

ഫീൽഡ് തല പരിശോധനയിൽ 90 തൊഴിൽ ദിനങ്ങൾ ലഭിച്ചതായി മനസ്സിലാക്കാൻ സാധിച്ചു.FT0 പ്രകാരം 90 ദിവസത്തെ വേതനം നൽകിയിട്ടുണ്ട് എന്നാൽ .70 ദിവസത്തെ കൂലി മാത്രമേ ലാഭിച്ചിട്ടുള്ളു എന്നാണ് തൊഴിലാളി അറിയിച്ചത് ബാങ്ക് പാസ് ബുക്ക് പതിക്കാഞ്ഞതിനാൽ കൂലി ലഭിച്ചോ എന്ന് മനസിലാക്കാൽ സാധിച്ചില്ല. എസ്റ്റിമേറ്റ് തുക 27390/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 24390/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 3000/- രൂപയാണ്.

**<u>6. ലൈഫ് ഭവനപദ്ധതി ഷീലാ സുരേന്ദ്രൻ IF/365603)</u>**

Mbook പ്രകാരം 90 ദിവസത്തെ, തൊഴിൽ ദിനവും അതിന്റെ വേതനവും ലഭിച്ചതായി അറിയാൻ വീടുപണി പൂർത്തികരിച്ചതായി കാണാൻ കഴിഞ്ഞു. എസ്റ്റിമേറ്റ് തുക 27390/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 24390/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 3000/- രൂപയാണ്.

**<u>7. സുജിത അച്ചു നിവാസ്) ലൈഫ് ഭവനപദ്ധതി-IF/366843)</u>**

MbooKപ്രകാരമുള്ള 90 തൊഴിൽ ദിനവും അതിന്റെ വേതനമായ 24390 രൂപയും ലഭിച്ചതായി അറിയാൻ സാധിച്ചു എന്നാൽ വീടു പണി പൂർത്തികരിച്ചിട്ടില്ല. എസ്റ്റിമേറ്റ് തുക 27390/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 24390/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 3000/- രൂപയാണ്.

**<u>8.ലൈഫ് ഭവനപദ്ധതി മിനി ബാബുജി -, പോത്തേച്ചിറ )IF/359236 )</u>**

90 ദിവസത്തെ തൊഴിൽ ദിനവും, അത്രയും ദിവസത്തെ വേതനവും ലഭിച്ചതായി വീടുപണി പൂർത്തികരിച്ചതായി കാണാൻ കഴിഞ്ഞു. എസ്റ്റിമേറ്റ് തുക 27390/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 24390/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 3000/- രൂപയാണ്.

**<u>9. കാലിത്തൊഴുത്ത് നിർമാണം ) സുജാത രവീന്ദ്രൻ-IF/365082)</u>**

Mbook പ്രകായുള്ള 39 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട് . വേയിനത്തിൽ10569 ദ പ ലഭിച്ചതായും തൊഴിൽ കാർഡ് പരിശോധനയിൽ മനസ്സിലാക്കാൻ സാധിച്ചു സാധന ഘടക ഇനത്തിൽ . 88964 രൂപയും വിദഗ്ദ്ധ അർദ്ധവിദഗ്ദ്ധ വേതന ഇനത്തിൽ 25508 രൂപയും അനുവദിച്ചിരുന്നെങ്കിലും മുഴുവൻ തുകയും ലഭിച്ചിട്ടില്ല എന്നാണ് അറിയാൻ സാധിച്ചത് നിലവിൽ തൊഴുത്തു നിർമ്മാണം

പൂർത്തിയായതായി കാണാൻ സാധിച്ചു. എസ്റ്റിമേറ്റ് തുക 129247/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 127041/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 2206/- രൂപയാണ്.

**10. കാലിത്തൊഴുത്ത് നിർമ്മാണം ) രാജമ്മ രവീന്ദ്രൻ-IF/365084)**

Mbook പ്രകാരമുള്ള 39 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭിച്ചതായും, അതിന്റെ വേതന ഘടക ഇനത്തിൽ 10569 രൂപയും ലഭിച്ചതായി പരിശോധനയിൽ മനസ്സിലാക്കാൻ സാധിച്ചു.Mbook പ്രകാരം ഗുണഭോക്താവിന് സാധന ഘടക ഇനത്തിൽ display board-ൽ 2000 രൂപയും മറ്റുള്ളവയ്ക്ക് 88964 കപ്പയും അനുവദിച്ചതായും കൂടാതെ വിദഗ്ദ്ധ, അർദ്ധവിദഗ്ദ്ധ തൊഴിലാളികളുടെ വേതന ഇനത്തിൽ 25508 രൂപയും ലഭിച്ചതായും അറിയാൻ സാധിച്ചുഗുണഭോക്താവിന്റെ . തൊഴുത്തു നിർമ്മാണം പൂർത്തികരിച്ചതായി മനസ്സിലാക്കാൻ സാധിച്ചു. എസ്റ്റിമേറ്റ് തുക 129247/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 127041/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 2206/- രൂപയാണ്.

**11. ഗൃഹചൈതന്യം പദ്ധതി കറിവേപ്പ് – ആര്യവേപ്പ് നഴ്സറി )DP / 27 I740)**

എം ബുക്കിൽ പറഞ്ഞ പ്രകാരം 263 തൊഴിൽ ദിനങ്ങളും അതിന്റെ വേതനവും ലഭിച്ചിട്ടുണ്ട്.1000 തൈകൾ വെച്ച് പിടിപ്പിച്ചു എന്ന് തൊഴിലാളികൾ പറഞ്ഞു എങ്കിലും സൈറ്റ് പരിശോധനയിൽ 4 ആര്യവേപ്പ് മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞത്.ബാക്കിയുള്ളവ ഓരോ വീടുകളിലായാണ് നട്ടത് എന്നാണ് തൊഴിലാളികൾ പറഞ്ഞത്.വേതന ഘടകം ഡിസ്പ്ലേ ബോർഡിൽ 134165 എന്നും എം ബുക്കിൽ ഇത് 71273 എന്നും രേഖപ്പെടുത്തി കണ്ടു.സാധന ഘടകം ഡിസ്പ്ലേ ബോർഡിൽ 3942 രൂപയെന്നും എം ബുക്കിൽ 3000 എന്നും ആണ് രേഖപ്പഎടുത്തിയിരുന്നത്.എസ്റ്റിമേറ്റ് തുക 138107/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 74723/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 63834/- രൂപയാണ്.

**12. ഗ്രൂപ്പുകൃഷിക്കായി നിലം ഒരുക്കൽ )P - 1 ) LD/340469**

Mbook ൽ പറഞ്ഞിട്ടുള്ള 193 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട് . അത്രയും ദിവസത്തെ വേതനവും തൊഴിലാളികൾക്ക് ലഭിച്ചതായി അറിയാൻ കഴിഞ്ഞുതുടക്കത്തിൽ പടവലം ., പീച്ചിൽ, വെണ്ട, ചീര, പയർ, തുടങ്ങിയവയാണ് കൃഷി ചെയ്തിരുന്നത്.3 തവണ വിളവും എടുത്തിരുന്നുവളം .ഇപ്പോൾ ചേമ്പ് മാത്രമാണ് കൃഷി ചെയ്യുന്നത് ., വിത്ത് മുതലായവ തൊഴിലാളികൾ പണം മുടക്കിയാണ് വാങ്ങിയിരുന്നത്.എന്നാൽ അതിന്റെ ബിൽ അവർ സൂക്ഷിച്ചിരുന്നില്ല . എസ്റ്റിമേറ്റ് തുക 234945/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 55303/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 179642/- രൂപയാണ്.

# അവകാശനിഷേധങ്ങൾ

തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട തൊഴിലിട സൌകര്യങ്ങളായ തണൽ, പ്രഥമ ശുശ്രൂഷ കിറ്റ്, കുടിവെള്ളം എന്നിവ തൊഴിലിടങ്ങളിൽ കാണാൻ കഴിഞ്ഞില്ല. തൊഴിലാളികൾ സ്വന്തം നിലയിൽ പിരിവ് എടുത്ത് ഇത്തരം സൌകര്യങ്ങൾ ഉറപ്പാക്കുന്നു. പണിയായുധങ്ങളുടെ വാടക തൊഴിലാളികൾക്ക് വർഷങ്ങളായി ലഭിക്കുന്നില്ല. തൊഴിൽ ആവശ്യപ്പെട്ടതിനുള്ള രസീത് ഒരു ഫയലിലും കാണാൻ കഴിഞ്ഞില്ല.

# നിരീക്ഷണങ്ങളും കണ്ടെത്തലുകളും

ജോബ് കാർഡിൽ തൊഴിലാളികൾ ജോലി ചെയ്തതും വേതനം ലഭിച്ചതുമായ വിവരങ്ങൾ പലയിടങ്ങളിലും രേഖപ്പെടുത്തിയിട്ടില്ല. പാസ് ബുക്ക് കൃത്യമായി പതിപ്പിച്ചിട്ടില്ല. പല പ്രവർത്തിസ്ഥലത്തും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിര്ന്നില്ല.

തോട് ആഴം കൂട്ടൽ ,റോഡ് നിർമാണം ,നടപ്പാത നിർമാണം , ക്ഷീരകര്ഷകര്ക്കായി തീറ്റപുല്ല് കൃഷി ,കാലി തൊഴുത്തുനിർമാണം തുടങ്ങിയ വ്യത്യസ്തമായ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ട്.

തൊഴിലാളികൾ സ്വന്തം കൈയ്യിൽ നിന്നും പണം പിരിച്ചാണ് വിത്തുകളും വളവും വാങ്ങിയത് ,മാസ്ട്രോള് ഇല്ലാതെ തൊഴിലാഴികളെ കൊണ്ട് ശുചികരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്.മാസ്ട്രോള് ഇല്ലാത്ത പ്രവർത്തനങ്ങളിൽ എർപ്പെടാത്ത തൊഴിലാളികൾക്കു പിന്നീട് തോഴി അനുവദിക്കില്ല എന്ന നയമാണ് അധികൃതർക്കുള്ളത്.ഇതിനെ പറ്റി തൊഴിലാളികൾ പരാതി ഉന്നയിച്ചിരുന്നു.

# ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

- നവീകരിക്കാത്ത   തോടുകളുടെ നവീകരണം
- കടലോരപ്രദേശങ്ങളിൽ കണ്ടൽകാട് വച്ചുപിടിപ്പിക്കൽ
- കളിസ്ഥല നിർമാണം
- തെങ്ങിന് തടം തുറക്കൽ
- ഇന്ററർലോക്ക് ടൈൽ റോഡ് നിർമാണം
- തോടിന്റെ വശങ്ങളിൽ   തീറ്റപ്പുല്ല് ,രാമച്ചം   എന്നിവയ്ക്കു പകരം കണ്ടൽകാട്   വച്ച് പിടിപ്പിക്കൽ
- ഫാം പോണ്ട് നിർമാണം
- പൊതുസ്ഥലങ്ങളും വ്യക്തിഗത   സ്ഥലങ്ങളും വൃത്തിയാക്കൽ

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനുട്സ്

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ :13/11/2019 ഉച്ചയ്ക്ക് 2. 30മുതൽ വള്ളിച്ചിറ മാധവന്റെ വസതിയിൽ വെച്ച് നടന്നു. ഗ്രാമസഭയ്ക്ക് ശ്രീ. രാജപ്പൻ അധ്യക്ഷത വഹിച്ചു. ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് മേറ്റ് നിർമല സ്വാഗതം ആശംസിച്ചു. ഓവർസിയർ, വാർഡ് മെമ്പർ, മേറ്റുമാർ, BRP സീന കെ ആർ, VRP മാർ, തൊഴിലാളികൾ തുടങ്ങി 138 പേർ പങ്കെടുത്തു.

1/10/2018മുതൽ 30/3/2019വരെ പൂർത്തീകരിച്ച 12 പ്രവർത്തികളാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയത്. തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കുന്ന സോഷ്യൽ ഓഡിറ്റിന്റെ പ്രസക്തിയെകുറിച്ചും തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട 10 അവകാശങ്ങളെ കുറിച്ചും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികളുടെ ഫയൽ, ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകളും, റിസോഴ്സ് പേഴ്സൺമാർ ഗ്രാമസഭയിൽ അവതരിപ്പിച്ചു.

കരട് ഓഡിറ്റ് റിപ്പോർട്ടിൽ വാർഡ് 10 ഇൽ തൊഴിലാളികൾ തൊഴിലിനു അപേക്ഷിച്ചതിന്റെ കൈപ്പറ്റു രസീത് ഫയലിൽ കണ്ടെത്താൻ കഴിഞ്ഞില്ലെന്നും തൊഴിലിട സൗകര്യങ്ങൾ ലഭിക്കുന്നില്ല എന്നും എസ്റ്റിമേറ്റ് എംബുക്ക് പ്രകാരമുള്ള പ്രവർത്തികളിൽ ഫീൽഡ് തല പരിശോധനയിൽ കണ്ടെത്തിയ വ്യത്യാസങ്ങൾ ചൂണ്ടി കാണിക്കുന്നതോടൊപ്പം ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതിൽ ഉണ്ടായ പാകപിഴചകളെ കുറിച്ചും ഭരണാനുമതിയുടെ കോപ്പി, പ്രവർത്തി പൂർത്തികാരണ സാക്ഷ്യ പത്രം, സൈറ്റ് ഡയറി, തുടങ്ങിയവ ഫയലിൽ സൂക്ഷിക്കണം എന്നും നിർദ്ദേശിച്ചു. തുടർന്ന് ഫയലിലും ഫീൽഡിലും ആയി കണ്ടെത്തിയ വസ്തുതകൾ ഗ്രാമസഭയിൽ വിശദമായി ചർച്ച ചെയ്തു.

## പൊതുചർച്ചയിൽ പങ്കെടുത്ത തൊഴിലാളികൾ

1) രത്നനമ്മ : കഴിഞ്ഞ വർക്ക് പൂർത്തിയായിട്ട് 4മാസം ആയെങ്കിലും ഇതുവരെ കൂലി ലഭിച്ചിട്ടില്ല.
* നേഴ്സറിയിൽ നട്ട ചെടികൾ മഴയിലും വെയിലിലും നശിച്ചു പോകുന്നു.
*വേതനം കൂട്ടണം, ആയുധ വാടക നൽകണം.

2)ഷീജ : സാധന വില കൂടിയ സാഹചര്യത്തിൽ വേതനത്തിലും വർദ്ധനവ് ഉണ്ടാകണം.

3)രാജപ്പൻ : പ്ലന്റഷന് വർക്കിൽ പങ്കെടുത്തിരുന്നു. ഈ വർക്കിനെ കാലാവസ്ഥ വ്യതിയാനം ബാധിച്ചിട്ടില്ല.
*ആയുധവാടക ലഭിക്കുന്നില്ല.

*വളം വാങ്ങിയതിന്റെ തുക നൽകാമെന്ന് ഉറപ്പു നൽകിയിരുന്നു എങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല. ചെയ്ത തൊഴിലിന്റെ വേതനവും ലഭിച്ചിട്ടില്ല.

4)സുമ : സൈറ്റ് പരിശോനയിൽ കാര്യങ്ങൾ വിലയിരുത്താനായി ഉദ്യോഗസ്ഥർ എത്താറില്ല.
*കുടിവെള്ളം പോലെയുള്ള പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കണം.
* കൃഷി ചെയ്തത് നശിച്ചു പോയിരുന്നു. ഇതിനെന്തെങ്കിലും നഷ്ടപരിഹാരം ലഭിക്കുമോ ?

5(ഷീജ : ലഭ്യമായ വിത്തിനങ്ങൾ ഒന്നും തന്നേ ഗുണമുള്ളതരുന്നില്ല.

വാനയിൽ ഗ്രാവൽ റോഡ് : റോഡ് നിർമ്മാണത്തിൽ പങ്കെടുത്തവർക്ക് വേതനം പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. എന്നാൽ റോഡ് ഇപ്പോൾ ഉപയോഗ ശൂന്യമായ അവസ്ഥയിൽ ആണ്.

* ഗ്രൂപ്പ് കൃഷിക്കായി നിലംഒരുക്കൽ P1
6) ബിജി : 8000 തിൽ അധികം രൂപ ലഭിച്ചിരുന്നു. വളവും മറ്റും തൊഴിലാളികൾ വാങ്ങിയിരുന്നു. ഈ വർഷം 24പണി മാത്രമേ ലഭ്യമായിട്ടുള്ളു.
*ക്ഷീര കർഷകരെ തൊഴിലുറപ്പിൽ ഉൾപ്പെടുത്തണം.

7)ലക്ഷ്മിക്കുട്ടി : ചെയ്ത തൊഴിലിന്റെ വേതനം ലഭ്യമാക്കണം. മഴയുള്ള സമയത്തു തോട് വെട്ട് അനുവദിക്കാതെ വേനൽ കാലത്തു തോട് വെട്ട് അനുവദിക്കണം. എന്നാൽ മാത്രമെ തോട് വെട്ട് ഫലപ്രധമായി ചെയ്യാൻ സാധിക്കുകയുള്ളു.

## മറുപടി

ഗോപകുമാർ
1)ഫയൽ പരിശോധനയിലെ പോരായ്മകൾ പരിഹരിക്കാം
2)ആര്യ വേപ്പ് നേഴ്സറിയിൽ എല്ലാ വീട്ടിലും ഒരു ആര്യവേപ്പ് ഒരു കറിവേപ്പ് എന്ന പദ്ധതിയാണ് നടപ്പിലാക്കാൻ ശ്രമിച്ചത്. 2കിലോ ആര്യവേപ്പ്, 2കിലോ കറിവേപ്പ് എന്നിവയാണ് ലഭിച്ചതെങ്കിലും ഇവ നശിച്ചു പോകുകയുണ്ടായി. ഇതിൽ 100എണ്ണം മാത്രമേ കിളിർത്തിരുന്നുള്ളു.
3)വൈബ്രേറ്റർ /മിക്സർ തുടങ്ങിയവയുടെ തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
4)തണൽ, കുടിവെള്ളം, പ്രഥമ സുശ്രൂഷാ കിറ്റ് തുടങ്ങിയവയുടെ തുക നിർത്തലാക്കുകയും ആയുധം മൂർച്ച കൂട്ടാനുള്ള വാടക നൽകുകയും ചെയ്യുന്നു.
5)പ്രഥമ സുശ്രൂഷ കിറ്റിന് പുതിയ ടെന്റർ വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്.
6) ഒരു വാർഡിൽ 15 പ്രഥമ സുശ്രൂഷ കിറ്റ് നൽകുവാൻ ഉള്ള സംവിധാനം ഏർപ്പെടുത്താം.

7)സൈറ്റ് വിസിറ്റ് ഇനിമുതൽ കൃത്യമായി നടത്തം
8)കാട് പിടിച്ചു കിടക്കുന്ന പ്രദേശങ്ങളിൽ ഇനി മുതൽ കൂടുതൽ തൊഴിൽ ദിനങ്ങൾ അനുവദിക്കാം.

## തീരുമാനങ്ങൾ

1)തൊഴിലിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ (പ്രഥമ ശുശ്രൂഷ കിറ്റ്, തണൽ, കുടിവെള്ളം ) എന്നിവ ലഭ്യമാക്കുന്നതിന് തീരുമാനിച്ചു.
2)ഷാർപ്പണിങ് ചാർജ് തൊഴിൽ ഉപകരണങ്ങൾക്ക് നൽകുന്നതിന് തീരുമാനിച്ചു.
3)എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ പ്രവൃത്തി സ്ഥലത്തു നടക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതാണ്.
4)എസ്റ്റിമേറ്റ് ജാനകിയ ഭാഷയിൽ നൽകുന്നതിന് തീരുമാനിച്ചു.

BRP :- സീന കെ ആർ

VRPs :- വ്യാസൻ എൻ എൽ, അശ്വതി ടി എസ്, ആതിര എസ് വി, അനുപമ ആർ, ഗ്രീഷ്മ ജി മോൾ, ശ്രുതി എസ്, അശ്വതി എസ്